ബി ഫോർ ആപ്പിൾ
(കുട്ടിക്കവി ഹാർമണിക്ക്)

ഒ. പി. സുരേഷ്

ബി ഫോർ ആപ്പിൾ
(കുട്ടിക്കവി ഹാർമണിക്ക്)
O. P. Suresh
(Malayalam: Poem)

© 2020, O. P. Suresh
These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: The park of Villa Doria-Pamphili, Rome, a painting by Jean-Baptiste-Camille Corot (1796–1875). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

1

ബി ഫോർ ആപ്പിൾ
(കുട്ടിക്കവി ഹാർമണിക്ക്)

നാല് തികയുന്നതിനുമ്പേ,
നാൽപതുകഴിഞ്ഞവരെ
നീ ശിഷ്യപ്പെടുത്തി.

നിറമുള്ളൊരു ചിരിയാൽ
പഠിച്ചറിഞ്ഞ ഭാഷകൾ
ഞങ്ങളിൽനിന്ന് മായിച്ചുകളഞ്ഞു.

വിരുന്നു മുറിയിലെ
ഔപചാരികവിമ്മിട്ടങ്ങൾ
ആദ്യക്ലാസിന്റെ കൗതുകങ്ങളായി.

വേഗത്തിന്റെ കുതിപ്പിനെ
നീ കുതിരയെന്നു വരച്ചു.
രൂപത്തിന്റെ മുഴപ്പിനെ
ആനയെന്നു വിളിച്ചു.
ചിറകടികളിൽ ചിലച്ചു,
പലതരം പക്ഷികൾ
വേരുകളിൽ തളിർത്തു,
ആമ്പൽ മുതൽ ആല്‌വരെ...

അപൂർണ്ണമായ സങ്കൽപങ്ങളെ
അവരവരുടെരീതിയിൽ
ഞങ്ങൾ പൂർണ്ണമാക്കിക്കൊണ്ടിരുന്നു.

യാഥാർത്ഥ്യം അതൊന്നുമല്ലെന്ന്
നീ കൈകൊട്ടിച്ചിരിച്ചു.
പതിറ്റാണ്ടുകളാർജിച്ച വിവരങ്ങൾ
നിമിഷങ്ങൾക്കകം
വിവരക്കേടുകളായി.

തുടക്കവും ഒടുക്കവുമില്ലാത്ത
നിന്റെ മുറിക്കഥകൾ
പ്രപഞ്ച വിസ്മയങ്ങളിലൂടെ
ഇഴഞ്ഞിഴഞ്ഞ് നീണ്ടു.

അവ്യക്തമായ പറച്ചിലുകളിൽനിന്ന്
ഞങ്ങൾ ഏച്ചുകൂട്ടിയെടുത്ത
യുക്തിസാരങ്ങൾ
നിന്റെ കൈമലർത്തലുകൾക്കൊപ്പം
നിഷ്ഫലമായ് പുറത്തേയ്ക്കുരുവി.

അറിവുകളുടെ ആയോധനംകഴിഞ്ഞവർ
അറിയലിന്റെ ആശ്ലേഷത്തിലമർന്നു
മഹത്തായ നിസ്സാരതകളിൽ നിവർന്നു

നിന്നിലുള്ളതിൽ നീയുണ്ട്
എന്നിലുള്ളതിൽ ഞാൻ
ഒന്നുമില്ലായ്മയിൽ എല്ലാം...

സങ്കൽപങ്ങൾനിർമ്മിച്ചെടുത്ത ഈ ലോകം
നിന്റേതല്ലാത്ത ഭാഷയിൽ
ഇനി വായിക്കാനേ വയ്യ.

2

ശാന്തം

പകൽ അസ്തമിച്ചു
സന്ധ്യ ചെവികൂർപ്പിച്ചു
രാഷ്ട്രം അറ്റൻഷനായി
പ്രജാപതി പ്രഖ്യാപിച്ചു:

"ലോകം മുഴുവൻ
സംഘർഷത്തിലെരിയുമ്പോൾ
സമാധാനം പുതച്ച്
നമുക്കൊളിക്കാനാവില്ല.

അഗ്നികുണ്ഡത്തിലെ വഴികൾ
കനലുകളുടേത് മാത്രമാണ്.
ജലത്തിന്റേതെന്ന്
വൃഥാ തർക്കിക്കുന്നവരുണ്ട്
അവരുടെ രാജ്യം വരില്ല.

നിരപരാധികളുടെ നിശ്ശബ്ദതകൾ
മേലിൽ നമുക്ക് അലങ്കാരമല്ല.
അപരാധികളുടെ ആക്രോശങ്ങൾ
ദേശീയ ശബ്ദമാവണം
ഏറ്റവും ക്രൂരമായ അട്ടഹാസങ്ങൾക്കിടയിലും
അത് വേറിട്ട് കേൾപ്പിക്കണം.

ആവർത്തിച്ച് സൂചിപ്പിച്ചിട്ടും
നിരപരാധികളായ്
തുടരുന്നവർക്ക്
അവസാനത്തെ താക്കീതാണ്.
അപരാധികളുടെ റിപ്പബ്ലിക്കിൽ
അവർക്കിടമുണ്ടാവില്ല.

ലോകനേതൃത്വത്തിലേക്കുള്ള
നമ്മുടെ മുന്നേറ്റങ്ങൾ
പൗരന്മാരുടെ നിഷ്ക്രിയത്വത്താൽ
അസാധുവാകാൻ പാടില്ല.

അവശേഷിക്കുന്ന നിഷ്കളങ്കർക്ക്
ഈ രാത്രിയുടെ സാവകാശമുണ്ട്.
നാളെ മുതൽ നാം
അപരാധ റിപ്പബ്ളിക്കിലെ
അതുല്യപൗരന്മാർ..."

വെളിച്ചം അണഞ്ഞു
നിലവിളികളുടെ സിംഫണികളിൽ
രാവു കുഴഞ്ഞു.
ചത്തുമലച്ച പ്രഭാതത്തിനൊപ്പം
നിശ്ചലത നൃത്തംവച്ചു

ദേശീയ നിശ്ശബ്ദത പിളർത്തി
പ്രജാപതി ഗർജിക്കുന്നതും കാത്ത്
തോക്കുകൾ അറ്റൻഷനായി
വിജനത ചെവികൂർപ്പിച്ചു...

കിളികൾ ചിലച്ചപാറിയതിന്റെ
വിടവിലൂടെ
വെളിച്ചം അരിച്ചിറങ്ങി
പുലരിയിലെ ജലകണമതിൽ
മഴവില്ലുകൾ വരച്ചു.

3

സതോരി[1]

നിന്റെ നാടിന്റെ
ഇടതും വലതുമായി അറ്റുവീഴുന്ന
ശൂരന്മാരുടെ തലകൾപോലെ
ഭൂമിയുടെ ആണിക്കല്ലുകൾ[2]
കോമ്പലകളായി പൊട്ടിച്ചിതറുന്നു.

ആകാശത്തോളമുയർന്നിട്ടും
നിലയ്ക്കാതെ, ഒടുങ്ങാനിടംതികയാതെ
നിലവിളികൾ
ചുറ്റിലും പ്രകമ്പനങ്ങളായി.

ധ്യാനത്തിന്റെ പൂർണതയ്ക്കായി
ഞാൻ അതിലേക്കുമാത്രം
ഏകാഗ്രമായി.
ആഴങ്ങളിലുറങ്ങുന്ന നിശ്ശബ്ദത
വിലാപമായ് കനത്തു.

അരുവികളുടെ ചിലങ്കയണിഞ്ഞ്
കിളികളുടെ പാട്ടിനൊപ്പം
സദാ നൃത്തംചെയ്തിരുന്ന
മലകളുടെ പ്രസന്നതയ്ക്കുമേൽ
മരണവീടിന്റെ അശാന്തമൂകത
കോടിപുതപ്പിച്ചു.

ആരും പിടികൂടില്ലെങ്കിലും
രക്ഷപ്പെടാനെന്നോണം
നെട്ടോട്ടമോടുന്ന
കൊലയാളികളുടെ ഉത്കണ്ഠകൾ
ടിപ്പർലോറികളായ് പരക്കംപാഞ്ഞു.
അതിന്റെ ഭീതിദതാളങ്ങളിൽ
പ്രാണായാമം
കൂടുതൽ കൂടുതൽ വേഗത്തിലായി.

ധ്യാനിച്ച് ധ്യാനിച്ച്
ഞങ്ങളൊരു മലയെ
നിവർത്തിനിർത്തി.
പുഴയെ ഒഴുക്കിവിട്ടു.
വെട്ടി മാറ്റിയ ശിരസ്സുകളെ
ഇച്ഛകളാൽ ഏച്ചുകൂട്ടി.
ആജന്മശത്രുതകളെ
ആലിംഗനബദ്ധമാക്കി...

ഇഷ്ടമുള്ള ലോകങ്ങൾക്ക്
തോന്നും പോലെ വളരാൻ
ഉള്ളം വിസ്തൃതമാക്കി.

ധ്യാനമുണർന്നതും
ഇടിഞ്ഞുപൊളിയുന്ന
ഇഹലോകസങ്കൽപ്പങ്ങളടിഞ്ഞ്
ഓരോരുത്തരും ഓരോരോ കുടുസ്സുകൾ...

തളംകെട്ടിയ കണ്ണീരും
വെളിപ്പെടാത്ത വേവലാതികളും
ചത്തുമലച്ച കുന്നിലുരുണ്ടുകൂടുന്നുണ്ട്.
പൊട്ടിയൊഴുകാനുള്ള
അവയുടെ വെമ്പലുകൾക്ക്
ആരുടെ പ്രത്യാശ ചിറകെട്ടും ?

'തിങ്ങിപ്പൊങ്ങും തമസ്സിൽ
കടലിലൊരു കുടം പോലെ
ഭൂചക്രവാളം'[3]
മുങ്ങിപ്പോവുന്നത്
കൺമുന്നിൽ
തെളിഞ്ഞുതെളിഞ്ഞുവരുന്നു...

---

1. സതോരി: ജപ്പാൻ ഭാഷയിലുള്ള ഈ വാക്കിന് സെൻ ബുദ്ധിസ്റ്റ് പദാവലികളിൽ Enlightenment, awakening, എന്നൊക്കെയാണർഥം. മലപ്പുറം ജില്ലയിലെ തിരുവോണമലയിൽ സൂഫിവഴിയിൽ ആകൃഷ്ടരായ ചില സുഹൃത്തുക്കൾ ചേർന്ന് 'സതോരി' എന്ന പേരിൽ 2018 ൽ ഒരു കൂടിയിരുപ്പ് സംഘടിപ്പിച്ചിരുന്നു. സാംസ്കാരികമായും പാരിസ്ഥിതികമായും സൗന്ദര്യപരമായും ഏറെ പ്രാധാന്യമുള്ള തിരുവോണമല അനിയന്ത്രിത ഖനനംമൂലം നശിച്ചുകൊണ്ടിരിക്കുകയാണ്. തിരുവോണമലയുടെ ചരിത്രത്തിലേക്കും വർത്തമാനത്തിലേക്കും ശ്രദ്ധയൂന്നിയ ഈ കൂടിയിരിപ്പിനിടയിലേക്ക് നാട്ടിലെ കൊലപാതകങ്ങളുടെ തുടർവാർത്തകളും വന്നുചേരുന്നുണ്ടായിരുന്നു.
2. 'പർവതങ്ങൾ ഭൂമിയുടെ ആണിക്കല്ലുകളാകുന്നു' – ഖുർ ആൻ വചനം.
3. പ്രശസ്തകവി വി. സി. ബാലകൃഷ്ണപണിക്കരുടെ 'ഒരു വിലാപം' എന്ന കവിതയിലെ വരികൾ. ഊരകംമലയുടെ താഴ്വരയിൽ ജനിച്ചുവളർന്നയാൾ കൂടിയാണ് ശ്രീ. വി. സി. ബാലകൃഷ്ണപണിക്കർ.

4

പമ്പരം

1

എങ്ങോട്ടുമല്ലാത്ത
ഒരോട്ടത്തോടെ
ഇന്നത്തെ ദിവസവും
അനാച്ഛാദനം ചെയ്യപ്പെട്ടു.

ആരോഗ്യകരമായ വിശ്രമത്തിനായ്
അണിഞ്ഞൊരുങ്ങി വിയർക്കുന്നവർ
പുലരിയുടെ ധമനികളിൽ
കസർത്ത് മുറുക്കി.

ഏന്തി വലിഞ്ഞും
കുനിഞ്ഞ് നൂണ്ടും
തന്നിലേക്ക് മാത്രം
ശ്രദ്ധയോടെ വളരുന്നവർ.

ഉരുക്കു പേശികൾ
വേലികെട്ടിത്തിരിച്ച
സമ്പൂർണ്ണ സ്വേച്ഛാപ്രവിശ്യകൾ...

മറ്റാർക്കും ഇടം കൊടുക്കാതെ
എന്നിൽ
ഞാൻ മാത്രം
അധിവസിക്കുന്നു.

2

അപരൻ എന്ന അശ്ലീലം
അലങ്കോലമാക്കിയ വിചാരങ്ങൾ
തേറ്റയും ദംഷ്ട്രയും വളർത്തി
വേട്ടക്കിറങ്ങുന്നു.

ചിരകാലം ശിരസ്സുയർത്തിയ
നീതിയുടെ സ്മാരകങ്ങൾ
ഇനിയുണ്ടാക്കാനാവാത്തവിധം
പൊളിച്ചടുക്കുന്നു.

മുന്നോട്ടുള്ള വഴികളെ
കൂട്ടത്തോടെ കൊന്നുതള്ളി
തന്നിലേക്ക് മാത്രം പിന്നേറുന്ന
ചരിത്രത്തിന്റെ മതിഭ്രംശങ്ങൾ...

ചത്തുമലച്ചവരുടെ
അടയാത്ത കണ്ണുകളിലുദിച്ച
അജ്ഞാത വെളിച്ചത്തിൽ
ഉച്ചസൂര്യൻ പൊള്ളിയെരിഞ്ഞു.

മരണത്തിന്റെ മാത്രം മണം ശ്വസിച്ച്
സായാഹ്നത്തിലേക്കുണർന്ന പകൽ
അസ്തമിക്കാത്ത ആകുലതകളെ
ചോരയിൽ കഴുകി വെടിപ്പാക്കുന്നു

3

തളരുമ്പോൾ താങ്ങാവാറുള്ള
അദൃശ്യമായ ആ കൈകൾ
ഇപ്പോൾ എവിടെ,
എന്തെടുക്കുകയാണ്?

മറ്റൊന്നിനുമൊഴിവില്ലാതെ
അത്രമേൽ മുഴുകിയിഴുകിയ
കുറേക്കൂടി പ്രധാനമായ
മറ്റുചില ചുമതലകളിലാവാം.

ആഖ്യാനങ്ങൾക്കൊന്നിനും
ഭാവന ചെയ്യാനായിട്ടില്ലാത്ത
ക്രൂരതയുടെ അരങ്ങേറ്റം നുണഞ്ഞ്
കൈയടിക്കുകയാവാം

ഒരുവേള,
പകർന്നു കിട്ടിയ പ്രചോദനത്താൽ
പ്രകമ്പിതമായ ഇക്കിളികളെ
കൈപ്പിടിയിലുരസി മെരുക്കി
രസിക്കുകയുമാവാം...

മറന്നു പോകാറില്ലെങ്കിലും
കൂടെത്തന്നെ കൊണ്ടുനടക്കുന്ന
ഒരസംബന്ധം
വെറുതെ ഓർമിച്ചു.

5

ഗാന്ധിയെ നോക്കുമ്പോൾ

ഇപ്പുറം നോക്കിയാൽ
അപ്പുറം കാണുന്ന
സുതാര്യതയായിരുന്നു,
ഇതുവരെ, ഗാന്ധി.

ഒളിച്ചുനോട്ടക്കാർക്കായി
ഒന്നും കരുതിവെക്കാത്ത നഗ്നത.
തന്നെത്തന്നെ കണ്ടെത്താനുള്ള
ഓരോരുത്തരുടെയും പരീക്ഷണശാല.
ആർക്കും കയറിയിറങ്ങാവുന്ന
അനാർഭാടമായ ആരാധനാലയം

നോക്കിനോക്കിയിരിക്കുമ്പോൾ
ആയുധങ്ങളുപേക്ഷിച്ച ആലോചനകൾ
മൗനമായ് സത്യഗ്രഹമിരിക്കും.
നിദ്രയോട് നിസ്സഹകരിച്ച സ്വപ്നങ്ങൾ
വെളിച്ചത്തിന്റെ ഉപ്പ് കുറുക്കും.
വേഗതയേറിയ ചുവടുകളുമായി
ചരിത്രം ഒരു ശാന്തിയാത്രയാവും.

നോക്കിനോക്കിയിരിക്കുമ്പോൾ
കാണാത്തതും കാട്ടിത്തരും.
അറ്റമില്ലാത്ത കാഴ്ചകളാൽ
അവസാനമില്ലാതെ അഴിച്ചുപണിയും.
അപൂർണ്ണതകൾ ഊട്ടും പാവുമാക്കി
അവനവനിൽ പൂർണ്ണത നെയ്തെടുക്കും.
കുറേക്കൂടി സൗന്ദര്യമുള്ളവരാകും.

നോക്കിനോക്കിയിരിക്കുമ്പോൾ
ചോര ചിന്താത്ത യുദ്ധങ്ങളാൽ
ഞാനെന്ന പോർക്കളം പിളരും.
വിലാപങ്ങൾക്കുമേലെ
വിശ്രാന്തിയുടെ പുഞ്ചിരി പരക്കും.
മനസ്സിലെ മരുഭൂമികൾ
പിന്നെയും തളിർക്കും...

ഇപ്പോൾ നോക്കുമ്പോൾ
കട്ട പിടിച്ച ഇരുട്ടിന്റെ
മൂന്നു വെടിയുണ്ടകൾ മാത്രം
ചിതറിത്തെറിക്കുന്ന ദേശത്തിന്റെ
ശിഥില ചിത്രം മാത്രം.

6

പേരാഴം (അൽബ്ബു എന്ന അപരന്)

'എന്താണീ പേരിന്റെ അർത്ഥം?'

പരിചയപ്പെട്ടവരുടെയെല്ലാം
രണ്ടാമത്തെ അത്ഭുതത്തിന്
ഒരേ സ്വരമായിരിക്കും.
അപ്പപ്പോഴത്തെ ഉന്മാദങ്ങൾ
ഊതിത്തെളിക്കുന്ന മനോഹാരിതകളാൽ
ഞാനെന്റെ പേരിനെ
അലങ്കരിച്ചുകൊണ്ടേയിരുന്നു.

എങ്ങോട്ടും പോകാൻ ആഗ്രഹമില്ലാഞ്ഞിട്ടും
എങ്ങോട്ടെങ്കിലും പോവാതിരിക്കാനാവാതെ
ഇടയ്ക്കിടെ വീടുവിട്ടിറങ്ങാറുള്ള അച്ഛൻ
ഒരു മഞ്ഞുകാലം താണ്ടിവന്നപ്പോൾ
അമ്മയ്ക്ക് നൽകിയ സമ്മാനമായിരുന്നു
നിറയെ നുണക്കുഴികളുള്ള ഈ പേര്.

അർത്ഥം അറിയാതിരുന്നിട്ടും
അമ്മ ചോദിച്ചിട്ടുണ്ടാവില്ല.
അറിയാമായിരുന്നിട്ടും
അച്ഛൻ പറഞ്ഞിട്ടുണ്ടാവില്ല.
ചോദിക്കാതെയും പറയാതെയും
അപരിചിതമായൊരുണ്മയെ
ഉമ്മവച്ചുമ്മ വച്ച്
അവർ എന്നെ ഉണർത്തിയെടുത്തു.

ചെല്ലുന്നിടത്തെല്ലാം
ലോകമെന്നോട്
അർത്ഥം ചോദിച്ചുകൊണ്ടിരുന്നു.
കളിയായും കാര്യമായും
വിടർന്ന കണ്ണുകൾ,
ചുളിഞ്ഞ പുരികങ്ങൾ...

ആർക്കുമറിയാത്തൊരു
അറിവിനെയൊളിപ്പിച്ച്
ഞാനെന്നിൽ
നിഗൂഢമായ് അഹങ്കരിച്ചു.

മനുഷ്യർക്കെന്ന പോലെ
വാക്കുകൾക്കുമുണ്ട്
മതം, ജാതി, രാഷ്ട്രഭേദങ്ങൾ...

എനിക്കൊപ്പം വളർന്ന
അവരുടെ ആകാംക്ഷകൾ
അർത്ഥത്തിന്റെ ആഴംതേടിയില്ല
വിഭജനത്തിന്റെ അതിരുകളിലവ
അസ്വസ്ഥമായലഞ്ഞു.

അർത്ഥമുരിഞ്ഞ് വാക്കുകളെ
വിവസ്ത്രമാക്കുന്നതെന്തിന്?
ഭാഷയ്ക്കപ്പുറത്തെ ആകാശങ്ങൾ
അടച്ചുപൂട്ടുന്നതെന്തിന്?

അറിവുകൾക്കപ്പുറം, അനുഭവങ്ങൾ
അമൂർത്തതയെ നിർവചിക്കുന്ന
പേരല്ല,
ഞാനാണ് എന്റെ അർത്ഥം.

— 7 —

പകരം

‘ഇന്നു രാവിലെ
പാലം തകർന്ന് പുഴയിൽവീണ്
യാത്രക്കാരെല്ലാം മുങ്ങിമരിച്ച
അതേ വണ്ടിയിലാണ്
ഇന്നലെ ഞാൻ നിന്നെ കാണാൻവന്നത്

എന്നെതേടി വന്നവന്
ദിവസം പിഴച്ചതാവണം.
അവനെത്തേടിച്ചെന്നവർ
അവരുടെ ദിവസമെത്തിയതായി
ആശ്വസിച്ചിരിക്കണം.

ഇന്നു വരാനിരുന്ന എന്നെ
ഇന്നലെത്തന്നെ വരുത്തിയ
നിന്റെ സൗമ്യശാഠ്യങ്ങൾ
അവന്റെ യാന്ത്രിക യുക്തിയേക്കാൾ
കണിശമായിരിക്കാം...’

ചിരിയോ കരച്ചിലോ എന്നറിയാത്ത
ചില ശബ്ദങ്ങൾ നിന്നെ ഭേദിച്ചെത്തുന്നുണ്ട്.
സങ്കടത്തിലായാലും സന്തോഷത്തിലായാലും
ആശ്വസിപ്പിക്കണമല്ലോ എന്നോർത്താവണം
നമ്മൾ നെടുവീർപ്പുകളിട്ടു.

നമ്മളെക്കാൾ നന്നായി
നമ്മെ അറിയുന്നവരെന്നോണം
ഫോണുകളവ വിവർത്തനം ചെയ്തുകൊണ്ടിരുന്നു.
കോളിങ് ബെൽ കേട്ടപ്പോൾ, തിരക്കിട്ട്
പരസ്പരം ഉമ്മകൾ പറഞ്ഞവസാനിപ്പിച്ചു.

വാതിൽ തുറന്നപ്പോൾ ആരുമില്ല.
ആർക്കെങ്കിലും റൂം നമ്പർ മാറിയതാവാം.
ഏതായാലും പുറത്തിറങ്ങിവരാം
ഉണർന്നെണീറ്റ ഉന്മേഷങ്ങളെ
അകത്തടച്ചിട്ട് മുഷിപ്പിക്കേണ്ട.

മുറ്റം കടന്നതേയുള്ളൂ, പിന്നിൽ
വലിയൊരുപൊട്ടിത്തെറി കത്തിയമർന്നു.
ഞാനുറങ്ങിയ മുറിയും നടവഴികളും
അനാഥമായ നിലവിളികൾക്കൊപ്പം
കറുത്ത പുകച്ചുരുളുകൾ മായ്ച്ചുകളഞ്ഞു.

എന്നെത്തേടി വന്നവന്
പിന്നെയും പിഴച്ചതാവുമോ?
പകരം പോകേണ്ടി വന്നവരെ
വഴിതെറ്റിച്ച് ചതിച്ചതാകുമോ?

ജീവിതമെന്ന അതിശയത്തെക്കുറിച്ചോർത്ത്
അൽപം മുമ്പ് ഞാനിരുന്ന സ്ഥലത്ത്
ഇപ്പോഴിരിക്കുന്നവനെയാണ്
കാരണമൊന്നുമില്ലാതെ
അവർ വെട്ടിക്കൊല്ലുന്നത്.

നിസ്സഹായമായ് അവസാനിക്കുന്ന
നിരപരാധിയുടെ പിടച്ചിലുകൾ
നിശബ്ദമായ മുഴക്കങ്ങളായ്
ഭൂമിയെ പിളർത്തിക്കൊണ്ടിരുന്നു
ഞാനത് കേട്ടില്ലെന്ന് ശഠിച്ചു...

എന്നെത്തേടി വന്നവന്
തെറ്റിപ്പോയതല്ലെന്ന്
ഇപ്പോഴെനിക്കറിയാം.
സ്വന്തം ഇംഗിതങ്ങൾക്കൊപ്പിച്ച്
അവനെന്നെ മെരുക്കിയെടുക്കുകയാണ്.

എങ്ങോട്ടെങ്കിലും ഓടിപ്പോവണം
ആരുടെയെങ്കിലും പകരക്കാരനാവണം
രക്ഷപ്പെടണം.

□

ഒ. പി. സുരേഷ്

രണ്ട് പതിറ്റാണ്ടിലേറെയായി മലയാളത്തിലെ ആനുകാലികങ്ങളിൽ കവിതകളും മറ്റും എഴുതുന്നു. പല കാലങ്ങളിൽ ഒരു പൂവ്, വെറുതെയിരിക്കുവിൻ, താജ് മഹൽ എന്നീ കവിതാ സമാഹാരങ്ങളും ഏകാകികളുടെ ആൾക്കൂട്ടം എന്ന യാത്രാ/ഓർമ്മ സമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കവിതകൾ ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, ആസാമീസ്, ബംഗാളി ഭാഷകളിലേക്ക് മൊഴിമാറ്റിയിട്ടുണ്ട്. 2018-ലെ ചെറുകാട് അവാർഡ്, ഡോ. പി കെ രാജൻ മെമ്മോറിയൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

ചിത്രങ്ങൾ: വി. മോഹനൻ

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014